9191137-2026 തിയ്യതി: 10.11 .2026

ഇ ടെണ്ടർ നോട്ടീസ്

വിഷയം : പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് - പ്രൊ.നം 10 - തെരുവ് വിളക്ക് പരിപാലനം ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന : 1. തദ്ദേശസ്വയംഭരണവകുപ്പിൻറെ 15.09.2011 ലെ 3055/ഡി.എ3/2011 നമ്പർ സർക്കുലർ

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് - പ്രൊ.നം 10 - തെരുവ് വിളക്ക് പരിപാലനം ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ എന്ന പദ്ധതി ഒരു വർഷകാലയളവിലേക്ക് ഏറ്റെടുത്തു നടത്തുന്നതിന് പ്രാപ്തിയുള്ള കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ കോൺട്രാക്ട്ർ ലൈസൻസുള്ള അംഗീകൃത കരാറുകാരിൽ നിന്നും ഇ-ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

തെരുവുവിളക്ക് മെയിൻറനൻസിന് ബി ക്ലാസ്സ് ഇലക്ട്രിക്ക് ലൈസൻസുള്ള വ്യക്തികൾ മതിയായ രേഖകൾ സഹിതം ഓൺലൈനായി https://etenders.kerala.gov.in/ എന്ന വെബ്സൈറ്റിലൂടെ ടെണ്ടർ സമർപ്പിക്കാവുന്നതാണ്. ദർഘാസിനൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ടെണ്ടർ ഫീയും ഇ-പേമെയ്ൻറ് മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

ഇടെണ്ടർ സമർപ്പിക്കുന്നതിനുള്ള
അവസാന തീയതി - 21/11/2026, സമയം 11 എ.എം
ഇടെണ്ടർ തുറന്ന് പരിശോധിക്കുന്ന
തീയതി - 23/11/2026, സമയം 11 എ.എം

അടങ്കൽ തുക - 7,00,000 രൂപ
ടെണ്ടർ ഫോറം വില - 1400 രൂപ
നിരതദ്രവ്യം - 7000 രൂപ

ക്രമ നം	തെരുവ് വിളക്കുകളുടെ തരം	ഏകദേശ എണ്ണം
1	എൽ ഇ ഡി ബൾബ് 20 W(AMC)	2500 no.s
2	എൽ ഇ ഡി ബൾബ് 20 W(NEW INSTALLATION)	ഭരണസമിതി തീരുമാനത്തിന് വിധേയമായി

തെരുവ് വിളക്ക് പരിപാലനം ,ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കൽ

നിബന്ധനകൾ

1.ഗ്രാമ പഞ്ചായത്ത് പരിധിയിൽ 16 വാർഡുകളിലേയും റിപ്പയറിംഗ് ആവശ്യമായ തെരുവുവിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുക, അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ സെറ്റുകൾക്ക് ഒരു വർഷത്തെ ആവശ്യമായ പരിപാലനം നടത്തുക.

2.പുതുതായി സ്ട്രീറ്റ് മെയിൻ വലിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഭരണസമിതി തീരുമാനത്തിന് വിധേയമായി പുതിയ സ്ട്രീറ്റ് ലൈറ്റുകൾ അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ സ്ഥാപിച്ച് പരിപാലനം നടത്തേണ്ടതാണ്.

3. ലേബർചാർജ്, പണി ഉപകരണങ്ങൾ, കെ.എസ്. ഇ. ബിയുടെ സൂപ്പർ വിഷൻ ഇവ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ വഹിക്കേണ്ടതാണ്.

4.ദർഘാസ് അംഗീകരിക്കുന്നതിനും കാരണം കൂടാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

5.പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും, ഇവയുടെ നിരക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൻറെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു.

6.പഞ്ചായത്ത് ആവശ്യപ്പെടുന്ന പക്ഷം റിപ്പയറിംഗ് ചെയ്യുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ ഹാജരാക്കേണ്ടത് കരാറുകാരൻറെ ഉത്തരവാദിത്തമാണ്.

7.ടെണ്ടർ നടപടികൾ നിലവിലുള്ള സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് അനുസൃതമായും, തെരുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടിട്ടുള്ള 15.09.2011 തിയ്യതിയിലെ ബഹു. കേരള സർക്കാരിൻറെ 3055/ഡി.എ 3/2011/ തസ്വഭാവ സർക്കുലർ പ്രകാരവുമായിരിക്കും.

8.ടെണ്ടർ പങ്കെടുക്കുന്ന എല്ലാ ടെണ്ടർമാരും ലൈസൻസ് - രജിസ്ട്രേഷൻ സംബന്ധിക്കുന്ന രേഖകളും പ്രവർത്തി പരിചയം തെളിയിക്കുന്നതിനാവശ്യമായ രേഖകളും , ജി എസ് ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് , ഇൻഷുറൻസ് സർട്ടിഫിക്കറ്റ് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തി ചെയതത് ഉൾപ്പെടെ) ഹാജരാക്കേണ്ടതാണ്.

9.കരാറുകാരൻ കരാർ ഉടമ്പടി വ്യവസ്ഥകൾ കൃത്യമായി പാലിച്ചിരിക്കണം. സർക്കുലകർ നമ്പർ 3055/ഡി.എ 2011/ തസ്വ.ഭാവ തിയ്യതി 15.09.2011 ൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ നിബന്ധനകളും ഈ കരാറുകാരന് ബാധകമാണ്.

കോൺട്രാക്ടറുടെ സ്വന്തം ഉത്തരവാദിത്തത്തിൽ ലഭ്യമാകേണ്ടതാണ് .

11.ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ലൈറ്റുകളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്തത്തിൽ ഒരു വർഷക്കാലം മുടക്കം കൂടാതെ പ്രകാശിപ്പിക്കേണ്ടതാണ്.

12.തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കേണ്ടതു, ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

13 .ടെണ്ടർ നേടുന്നയാൾ കരാർ തുകയുടെ 10 % സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതും, 700/- രൂപ മുഖവിലയുള്ള മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്.

13.ഓരോ ഘട്ടത്തിലും തെരുവിളക്ക് മെയിൻറനൻസ് ചെയ്യുമ്പോൾ വാർഡിൻറെ പേര്, പോസ്റ്റ് നമ്പർ, റീപ്ലെയ്സ് ചെയ്ത ഉപകരണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ വാർഡ് അടിസ്ഥാനത്തിലുള്ള രജിസ്റ്റർ കരാറുകാരൻ തയ്യാറേക്കേണ്ടതും, ബന്ധപ്പെട്ട് വാർഡ് മെമ്പറുടെ സാക്ഷ്യ പത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന്റേയും രജിസ്റ്ററിൻറേയും അടിസ്ഥാനത്തിലാണ് ബിൽ തുക അനുവദിക്കുന്നത്.

14.നിയമപരമല്ലാത്ത ഏതൊരു ഇടപെടലും, ടെണ്ടർ നിരാകരിക്കുന്നതിന് കാരണമാകുന്നതാണ്.

15.ഒരു പോസ്റ്റിൽ റിപ്പയറിംഗ് നടത്തി പരിപാലനം നടത്തുന്നതിനും പുതുതായി 20W led ബൾബ് പുതുതായി സ്ഥാപിച്ച് പരിപാലനം നടത്തുന്നതിനും ആവശ്യമായ നിരക്കുകൾ ആണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്

16. റീപ്ലേസ് ചെയ്യുന്നതും പുതുതായി സ്ഥാപിക്കുന്നതുമായ തെരുവുവിളക്കുകൾ ISI മുദ്രയുള്ളതാവണം .

17.റീപ്ലേസ് ചെയ്യുന്ന തെരുവുവിളക്ക് ഉപകരണങ്ങളുടെ വാൾട്ട് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നിരസിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ BOQ, പ്രിലിമെനറി എഗ്രിമെൻറ് (200രൂപയുടെ) സ്റ്റാമ്പ് പേപ്പറിൽ രേഖപ്പെടുത്തി നിർബന്ധമായും ഓഫീസിൽ മാന്വലായി സമർപ്പിക്കേണ്ടതാണ്.

19. **ഇ-ടെണ്ടറുകൾ 13.11.2026 രാവിലെ 11 മണി മുതൽ സൈറ്റിൽ www.etenderkerala.gov.in ലഭ്യമാണ് . 21.11.2026 ഉച്ചയ്ക്ക് 11 മണി വരെ ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്. 23.11.2026 തിയ്യതി ഉച്ചയ്ക്ക് 11 മണി മണിക്ക് ഇ- ടെണ്ടറുകൾ തുറക്കുന്നതായിരിക്കും.**

20. കരാറുകാർക്ക് ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ജി.എസ്.ടിയുമായി ബന്ധപ്പെട്ട അതാത് സമയത്തെ സർക്കാർ ഉത്തരവുകൾ ബാധകമായിരിക്കും.

21. ജി.എസ്.ടി പേയ്മെൻറുകൾ കൃത്യമായും കരാറുകാർ നിർവ്വഹിക്കേണ്ടതാണ്.

22. ഇൻറർനെറ്റ് തകരാറുകൾക്ക് തദ്ദേശസ്ഥാപനം ഉത്തരവാദിയായിരിക്കുന്നതല്ല.

23. കരാറുകാരൻ കാട്ട് ചെയ്യുന്ന ഇക കരാറിലെ വ്യവസ്ഥകൾ പാലിക്കുന്ന മുറക്ക് നാല് ഗഡുക്കളായി പഞ്ചായത്ത് തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ നിയമാനുസൃത നികുതി ഈടാക്കി കരാറുകാരന് നൽകുന്നതാണ്.

24. പഞ്ചായത്തിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം ആണ് പോസ്റ്റുകളുടെ എണ്ണം നൽകിയിട്ടുള്ളത്. കെ.എസ്.ഇ.ബിയുമായി ജോയിൻറ് വെരിഫിക്കേഷൻ റിപ്പോർട്ടിന് വിധേയമായി പോസ്റ്റുകളുടെ എണ്ണത്തിലുണ്ടാകുന്ന വ്യതിയാനത്തിന് അനുസൃതമായി കരാറുകാരൻ തെരുവുവിളക്കുകളുടെ പരിപാലനം നടത്തേണ്ടതാണ്.

25. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. 0480 2844258

(ഒപ്പ്)

സെക്രട്ടറി

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

MUHAMMED RAFEEQUE K B
PEN - 579376
SECRETARY
PERINJANAM GRAMAPANCHAYAT
THRISSUR, KERALA, INDIA 680686
PH - 9496046159